**(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് പരിഗണന**

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു. ......(ബഹളം) ..........

**(2). അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) 2012-ലെ കേരള സംസ്ഥാന അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. എം.പി. വിൻസെന്റ്: **2012-ലെ** കേരള സംസ്ഥാന അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കായുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൊഴിൽ വകുപ്പാണ് കൈകാര്യം ചെയ്യു

ന്നത്. അതുകൊണ്ട് ബിൽ പൈലറ്റ് ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പു മന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

<u>മി. സ്പീക്കർ</u>: ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് അടുത്ത വിഷയത്തിലേയ്ക്ക് കടന്നു. ...(ബഹളം) ....... ആഭ്യന്തര വകുപ്പുമന്ത്രി എന്തുപറയണമെന്ന് നിർബന്ധിക്കാൻ കഴിയില്ല. ....... (ബഹളം) ........ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ? ......... (ബഹളം) .......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ........(ബഹളം) ......

<u>മി. സ്പീക്കർ</u>: അദ്ദേഹത്തിന് പറയാനുള്ളത് പറയട്ടെ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവർ ശാന്തരായിരുന്നാലല്ലേ പറയുന്നത് കേൾക്കാൻ കഴിയുകയുള്ളൂ.

<u>മി. സ്പീക്കർ</u>: അങ്ങ് പറയൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, റെക്കോർഡ് പർപ്പസിനുവേണ്ടി പറഞ്ഞാൽ മതിയെങ്കിൽ പറയാം. പക്ഷേ അവർ കേൾക്കുന്നില്ല. ...... (ബഹളം) .......

<u>മി. സ്പീക്കർ:</u> ആഭ്യന്തര വകുപ്പുമന്ത്രി സംസാരിക്കട്ടെ. ....(ബഹളം) ...... അങ്ങേയ്ക്ക് അധികമായി എന്തെങ്കിലും പറയാനുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ വളരെ ക്രിസ്റ്റൽ ക്ലിയ റായിട്ടാണ് പറഞ്ഞത്. യാതൊരു സംശയവുമില്ലാതെ വളരെ ക്ളാരിറ്റിയോടു കൂടി പറഞ്ഞു. ഈ റിപ്പോർട്ടിലെ ഒരു വാചകത്തിന്റെ അടിസ്ഥാനത്തിൽ നട പടി വേണമെന്നാണ് പറയുന്നത്. ആ വാചകമുൾപ്പെടെ ഈ റിപ്പോർട്ട് പൂർണ്ണമായി അക്സപ്റ്റ് ചെയ്തുകൊണ്ട് അതിൽ നടപടി വേണമെങ്കിൽ സ്വീകരിക്കാവുന്നതാണ്. ഈ റിപ്പോർട്ടിൽ കുറെ കാര്യങ്ങൾ പറയുന്നുണ്ട്. ആ റിപ്പോർട്ടിൽ ഇന്നലത്തെ സമരത്തെക്കുറിച്ചും എം.എൽ.എ- മാരുടെ നട പടികളെക്കുറിച്ചും പോലീസിനുണ്ടായ നിസ്സഹായവസ്ഥയെക്കുറിച്ചുമുള്ള എല്ലാ കാര്യങ്ങളും പറയുന്നുണ്ട്. റിപ്പോർട്ട് പൂർണ്ണമായി അക്സപ്റ്റ് ചെയ്യുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാ നടപടികൾ ബഹിഷ്ക്കരിച്ചു)

<u>ശ്രീ. എം.പി. വിൻസെന്റ്</u>: സർ, 2012-ലെ കേരള സംസ്ഥാന അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബില്ലാണ് ഞാൻ അവതരിപ്പിക്കു ന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമുള്ള ഒരു ബില്ലാണ്. കേരളത്തിൽ വളരെയധികം സ്കൂളുകൾ ഇന്ന് അൺ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. അവിടെ പ്രവർത്തിക്കുന്ന ടീച്ചർമാർ വിദ്യാഭ്യാസ പരമായി ഉന്നത നിലവാരമുള്ളവരും വളരെയധികം കാര്യപ്രാപ്തിയുള്ളവരു

മാണ്. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം ചെറിയ ശമ്പളം വാങ്ങി നല്ല രീതിയിൽ പഠിപ്പിക്കുന്ന ഈ അദ്ധ്യാപകർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ഇല്ല. ശമ്പളം പോലും സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ലഭിക്കുന്നില്ല. ഇവരുടെ ജീവിതത്തിലെ വസന്തകാലത്തിനുശേഷവും അവർക്ക് നല്ല അനുഭവങ്ങൾ വരുന്നതിനുവേണ്ടി ഒരു ക്ഷേമനിധിയുണ്ടാകേണ്ടതിന്റെ ആവശ്യകതയാണ് ഈ ബില്ലിലൂടെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ലക്ഷക്കണക്കിന് വരുന്ന വിദ്യാർത്ഥികൾ ഇന്ന് ഏറ്റവും കൂടുതലായി പ്രവർത്തിക്കുന്ന രംഗത്ത് ...........

<u>മി. സ്പീക്കർ</u>: ശ്രീ. വിൻസെന്റ്, അങ്ങ് ഇത് പിൻവലിക്കുന്നുണ്ടോ; വീണ്ടും ചർച്ച തുടരുന്നുണ്ടോ?

<u>ശ്രീ. എം.പി. വിൻസെന്റ്</u>: സർ, ചർച്ച തുടരാം.

<u>മി. സ്പീക്കർ</u>: ശ്രീ. എം.പി. വിൻസെന്റിന്റെ പ്രമേയത്തിന്റെ ചർച്ച വീണ്ടും തുടരുന്നതാണ്. ......(ബഹളം)......

(ചർച്ച തുടരും)

(ii) <u>2013-ലെ കേരള സംസ്ഥാന എക്സ്ഗ്രേഷ്യാ പെൻഷൻ ബിൽ</u>

<u>ശ്രീ. എം.പി. വിൻസെന്റ്</u>: സർ, 2013-ലെ കേരള സംസ്ഥാന എക്സ്ഗ്രേഷ്യാ പെൻഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ ഷംസുദ്ദീൻ</u> : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സൂപ്പറാന്വേഷൻ പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് മിനിമം പെൻഷന് അർഹതയില്ലെങ്കിൽ അവർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. ഇത് സ്റ്റേറ്റ് സർവ്വീസിലും സബോർഡി നേറ്റ് സർവ്വീസിലുമുള്ളവർക്ക് ബാധകമാണ്. ബഹുമാനപ്പെട്ട എം.പി. വിൻസെന്റിന്റെ 178-ാം നമ്പർ ബിൽ സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിൽ നിയമിക്കപ്പെടുന്നവർക്ക് മാത്രം എക്സ്ഗ്രേഷ്യാ പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ ജീവനക്കാരെയും സൂപ്പറാന്വേഷനിൽ മിനിമം പെൻഷന് അർഹത യില്ലെങ്കിൽ എക്സ്ഗ്രേഷ്യാ പെൻഷന് അർഹതയുണ്ട്. നിലവിലുള്ള വ്യവ സ്ഥകൾ എക്സ്ഗ്രേഷ്യാ പെൻഷൻ നൽകുന്നതിന് പര്യാപ്തമാണ്. ഇത് സബോർഡിനേറ്റ് സർവ്വീസിലെ ജീവനക്കാരെ മാത്രം ഉദ്ദേശിച്ച് കൊണ്ടുവന്ന താണ്. ഈ ബിൽ ആവശ്യമില്ല. അതിനാൽ എതിർക്കുന്നു. ബിൽ അവതരി പ്പിച്ച് സർക്കാരിന്റെ ഭാഗം പറയാൻ ...........

ശ്രീ. എം.പി. വിൻസെന്റ്: സർ, നിലവിലെ പെൻഷൻ വ്യവസ്ഥ പ്രകാരം ഒരു ദിവസം മുതൽ 8 വർഷംവരെ സർവ്വീസുള്ള ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ ഇല്ലാത്തതുമായി ബന്ധപ്പെട്ട കാര്യമാണ് ഈ ബില്ലിലൂടെ ഞാൻ അവതരിപ്പിച്ചത്. ഓരോ സർക്കാർ ജീവനക്കാരന്റെയും അവകാശമാണ് പെൻഷൻ. നിയമനടപടികളും കാലതാമസവും മറ്റും കാരണം സർവ്വീസിൽ കയറി പിറ്റേ ദിവസം പിരിഞ്ഞുപോകേണ്ടിവന്ന ഒരു

ജീവനക്കാരനെ സംബന്ധിച്ചുള്ള വാർത്ത നമ്മൾ പത്രത്തിൽ കണ്ടിട്ടുള്ളതാണ്. ഇത്തരം പെൻഷൻ പദ്ധതി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വലിയ ബാദ്ധ്യത വരുന്നതുമല്ല. ഇത്തരം കാര്യങ്ങൾ വച്ചുകൊണ്ട് ഒരു ദിവസം മുതൽ 8 വർഷം വരെ സർവ്വീസുള്ള ജീവനക്കാർക്ക് നിശ്ചിത തുക പെൻഷൻ നൽകുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന ഒന്നല്ല. ജീവനക്കാർക്കെല്ലാം പെൻഷൻ നൽകുന്നത് വിഭാവനം ചെയ്യുന്ന ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് ഇവിടെ പറയാനുള്ളത്. ഇത് കേരളത്തിലെ മുഴുവൻ തൊഴിൽ രംഗത്തും പ്രാധാന്യമർഹിക്കുന്ന പ്രധാനപ്പെട്ട സംഭവമായതുകൊണ്ട് ............

മി. സ്പീക്കർ: ശ്രീ. വിൻസെന്റ്, അങ്ങ് ഇത് പിൻവലിക്കുന്നുണ്ടോ; വീണ്ടും ചർച്ച തുടരുന്നുണ്ടോ?

ശ്രീ. എം.പി. വിൻസെന്റ്: സർ, ചർച്ച തുടരാം.

മി. സ്പീക്കർ: ശ്രീ. എം.പി. വിൻസെന്റിന്റെ ഈ ബിൽ അടുത്ത സമ്മേളനത്തിൽ തുടരാവുന്നതാണ്.

(ചർച്ച തുടരും)

(അജണ്ടയിലെ ശേഷിച്ച ഇനങ്ങൾ പരിഗണിക്കപ്പെട്ടില്ല)

ഓർഡർ ........ ഓർഡർ .......... സഭ ഇപ്പോൾ പിരിയുന്നതും 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഫെബ്രുവരി മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)